REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-11-2024 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **സൗരോർജ്ജത്തിൽ നിന്ന് രാജ്യം ഇപ്പോൾ 90 ജിഗാവാട്ട്സ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി.**
- **ഓസ്ട്രേലിയയിലെ ക്വീൻസ്‌ലാൻഡിൽ ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ ഉദ്ഘാടനം ചെയ്തു.**
- **ഉത്തരാഖണ്ഡിൽ ബസ് കിടങ്ങിലേക്ക് മറിഞ്ഞ് 23 പേർ മരിച്ചു.**
- **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം നിറഞ്ഞ ആവേശത്തിലേക്ക്.**
- **ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് വൈകിട്ട് എറണാകുളത്ത് തുടക്കമാകും.**

## വാർത്തകൾ വിശദമായി

സൗരോർജത്തിൽ നിന്ന് 90 ജിഗാവാട്ട്സ് വൈദ്യുതി രാജ്യത്ത് ഉത്പാദിപ്പിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി പറഞ്ഞു. 2030 ഓടെ ഇത് 500 ജിഗാവാട്ടായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. മുപ്പത്തിഏഴര ജിഗാവാട്ട്സ് ഉത്പാദിപ്പിക്കാൻ കഴിയുന്ന 50 സൗരോർജ്ജ പാർക്കുകൾക്ക് ഗവൺമെന്റ് അനുമതി നൽകിയതായും അദ്ദേഹം ന്യൂഡൽഹിയിൽ ഏഴാമത് അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം അസംബ്ലിയിൽ അറിയിച്ചു. ഈ വർഷം ലോകത്തെ സൗരോർജ്ജ ഉത്പാദനം രണ്ട് ടെറാവാട്ട് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

ഓസ്ട്രേലിയയിലെ ക്വീൻസ്‌ലാൻഡിൽ ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ ഉദ്ഘാടനം ചെയ്തു. ക്വീൻസ്‌ലൻഡുമായി ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിനും വ്യാപാരം പ്രോത്സാഹിപ്പിക്കു ന്നതിനും വിദ്യാഭ്യാസ ബന്ധങ്ങൾ വളർത്തുന്നതിനും പ്രവാസികളെ സേവിക്കുന്നതിനും കോൺസുലേറ്റ് സംഭാവന നൽകുമെന്ന് ഡോ. ജയശങ്കർ സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. ക്വീൻസ്‌ലൻഡ് ഗവർണറുമായും കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഝാർഖണ്ഡിൽ NDA യുടെ രണ്ട് റാലികളെ അഭിസംബോധന ചെയ്യും. ഗഡ്-വയിലും ചായ്ബാസയിലുമാണ് പ്രധാനമന്ത്രി പൊതുയോഗത്തിൽ പങ്കെടുക്കുന്നതെന്ന് ജാർഖണ്ഡ് BJP പ്രസിഡണ്ടും മുൻ മുഖ്യമന്ത്രിയുമായ ബാബുലാൽ മറാണ്ടി അറിയിച്ചു.

ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലാണ് ജാർഖണ്ഡ് വോട്ടെടുപ്പ് .

✪✪✪

ആവശ്യമായ രൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ ശബരി റെയിൽ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് കോഴിക്കോട്ട് അറിയിച്ചു. ഇതിന് 50 ശതമാനം ഫണ്ട് നൽകാമെന്ന് സംസ്ഥാനം ആദ്യം പ്രതിബദ്ധത അറിയിച്ചെങ്കിലും പിന്നീട് പുതിയ നിബന്ധനകൾ മുന്നോട്ടു വെക്കുകയാണെന്ന് കേന്ദ്രമന്ത്രി കുറ്റപ്പെടുത്തി.

✪✪✪

ഉത്തരാഖണ്ഡിൽ ബസ് കിടങ്ങിലേക്ക് മറിഞ്ഞ് 23 പേർ മരിച്ചു. നിരവധി ആളുകൾക്ക് പരിക്കേറ്റു. അൽമോറ ജില്ലയിലെ കൂപ്പിയിലാണ് രാവിലെ ദുരന്തമുണ്ടായത്. ഗൗളിഖാലിൽ നിന്ന് രാംനഗറിലേക്ക് നാൽപ്പതോളം യാത്രക്കാരുമായി പോയ ബസ് ആണ് അപകടത്തിൽ പെട്ടത്.

✪✪✪

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പിന് ഒൻപത് ദിവസം ശേഷിക്കെ പ്രചാരണം നിറഞ്ഞ ആവേശത്തിലേക്ക് നീങ്ങുകയാണ്. പ്രമുഖ മുന്നണികളുടെയും പാർട്ടികളുടെയും നേതാക്കൾ മണ്ഡലങ്ങളിൽ ആവേശം പകരാൻ എത്തിയിട്ടുണ്ട്. വരുംദിവസങ്ങളിൽ കൂടുതൽ ദേശീയ - സംസ്ഥാന നേതാക്കൾ മണ്ഡലങ്ങളിലെത്തും.

വയനാട് ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ UDF സ്ഥാനാർഥി പ്രിയങ്കാഗാന്ധി ഇന്ന് കേണിച്ചിറയിൽ നിന്ന് പര്യടനം ആരംഭിച്ചു. വ്യാഴാഴ്ച വരെ പ്രിയങ്ക മണ്ഡലത്തിലുണ്ടാകും.

LDF സ്ഥാനാർത്ഥി സത്യൻ മൊകേരി ഇന്ന് നിലമ്പൂരിൽ പര്യടനം നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പ്രചാരണത്തിന് മറ്റന്നാൾ കൽപ്പറ്റയിലെത്തും. തിരുവമ്പാടി, ഏറനാട് മണ്ഡലങ്ങളിലെ പ്രചാരണങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

NDA യിലെ നവ്യ ഹരിദാസിന്റെ ഇന്നത്തെ പര്യടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പനമരം തലക്കൽ സ്മൃതി മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്തു. മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖറും BJP ദേശീയ സെക്രട്ടറി അനിൽ ആന്റണിയും ഇന്ന് മണ്ഡലത്തിൽ പ്രചാരണത്തിനുണ്ട്.

പാലക്കാട്ട് UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് വെസ്റ്റ് മണ്ഡലത്തിലാണ് പ്രചാരണം നടത്തുന്നത്. LDF സ്ഥാനാർഥി ഡോ P. സരിൻ, പിരായിരി പഞ്ചായത്തിലും NDA സ്ഥാനാർഥി C. കൃഷ്ണകുമാർ കണ്ണാടി പഞ്ചായത്തിലും വോട്ട് തേടുന്നു.

✪✪✪

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് അങ്കം മുറുകിക്കഴിഞ്ഞു. സ്ഥാനാർത്ഥികൾ ജനങ്ങളെ നേരിട്ടു കണ്ട് വോട്ടു തേടുന്ന തിരക്കിലാണ്.

✪✪✪

K- റെയിൽ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ വ്യക്തമാക്കി. കേന്ദ്രാനുമതി വാങ്ങി വന്നാലും പദ്ധതിക്കെതിരെ മുന്നണി രംഗത്തുവരുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ആരൊക്കെ വിചാരിച്ചാലും കേരളത്തിൽ കെ-റെയിൽ വരില്ലെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ പറഞ്ഞു. ഇന്നലെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് കോഴിക്കോട്ട് പറഞ്ഞത് ഇതുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങളാണെന്നും അഭിപ്രായപ്പെട്ടു.

✪✪✪

മുനമ്പം ഭൂമി തർക്കം പരിഹരിക്കാൻ സർവകക്ഷി യോഗം വിളിക്കാൻ ഗവൺമെന്റ് തയാറാകണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിക്ക് കത്ത് നൽകി. വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

✪✪✪

മതാടിസ്ഥാനത്തിൽ IAS ഉദ്യോഗസ്ഥരുടെ വാട്സ്ആപ് ഗ്രൂപ്പുണ്ടാക്കിയ സംഭവത്തിൽ പരിശോധന നടത്തുമെന്ന് മന്ത്രി P. രാജീവ് പറഞ്ഞു. മതത്തിന്റെ പേരിൽ വിഭജനങ്ങൾ വരുന്നത് ഗൗരവമേറിയ കാര്യമാണെന്ന് മന്ത്രി ഡൽഹിയിൽ പറഞ്ഞു.

✪✪✪

ശുചീകരണ തൊഴിലാളികൾ ഷൊർണ്ണൂരിൽ ട്രെയിൻ തട്ടി മരിച്ച സംഭവത്തിൽ വിശദാന്വേഷണം വേണമെന്ന് റെയിൽവെയുടെ ചുമതല വഹിക്കുന്ന മന്ത്രി V. അബ്ദുറഹിമാൻ ആവശ്യപ്പെട്ടു. തൊഴിലാളികളുടെ കുടുംബങ്ങൾക്ക് റെയിൽവെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് റെയിൽവെ മന്ത്രിക്ക് അദ്ദേഹം കത്തയച്ചു. ഭാരതപ്പുഴ പാലത്തിൽ ഉണ്ടായിരുന്ന നാല് തൊഴിലാളികൾ കേരള എക്സ്പ്രസ് തട്ടിയാണ് മരിച്ചത്.

✪✪✪

കൊല്ലം കളക്ട്രേറ്റ് ബോംബ് സ്ഫോടനകേസിൽ ഒന്ന് മുതൽ മൂന്ന് വരെ പ്രതികൾ കുറ്റക്കാരാണെന്ന് കൊല്ലം പ്രിൻസിപ്പൽ സെഷ്യൻസ് കോടതി കണ്ടെത്തി. നാലാം പ്രതിയെ വെറുതെ വിട്ടു - ശിക്ഷ നാളെ വിധിക്കും. നിരോധിത സംഘടനയായ ബേസ് മൂവ്മെന്റ് പ്രവർത്തകരും തമിഴ്നാട് സ്വദേശികളുമായ അബാസ് അലി, ഷംസൂൺ ഖരീം രാജ, ദാവൂദ് സുലൈമാൻ എന്നിവരാണ് കുറ്റക്കാർ. 2016 ജൂൺ 15നായിരുന്നു സ്ഫോടനം.

✪✪✪

നീലേശ്വരം അഞ്ഞൂറ്റമ്പലം ക്ഷേത്രത്തിലെ കളിയാട്ടത്തിനിടെ ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ മരണം നാലായി. ശനിയാഴ്ച മരിച്ച സന്ദീപിനു പുറമെ, കാസർഗോഡ് കരിന്തളം കൊല്ലംപാറ മഞ്ഞളംകാട്ടെ ബിജു, ചെറുവത്തൂർ സ്വദേശി ഷിബിൻരാജ്, കിണാവൂർ സ്വദേശി രതീഷ് എന്നിവരാണ് മരണമടഞ്ഞത്.

✪✪✪

ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് വൈകിട്ട് എറണാകുളത്ത് തിരിതെളിയും. മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മന്ത്രി V ശിവൻകുട്ടി മേള ഉദ്ഘാടനം ചെയ്യും. മന്ത്രിയും ഒളിമ്പ്യൻ P.R ശ്രീജേഷും ചേർന്ന് ദീപശിഖ തെളിയിക്കുന്നതോടെ ഏഴു ദിവസത്തെ കായിക മാമാങ്കത്തിന് തുടക്കമാകും.

✪✪✪

പതിനാലാമത് ഹോക്കി ഇന്ത്യ സീനിയർ പുരുഷ  ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കമാകും. ചെന്നൈ, മേയർ രാധാകൃഷ്ണൻ ഹോക്കി സ്റ്റേഡിയത്തിൽ, ആദ്യദിവസത്തെ മത്സരങ്ങളിൽ കേരളവും, ഉത്തർപ്രദേശും ഏറ്റുമുട്ടും. മറ്റൊരു മത്സരം കർണാടകയും, ഉത്തരാഖണ്ഡും തമ്മിലാണ്. നവംബർ 16 നാണ് ഫൈനൽ.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ FC, ചെന്നൈയിൻ FC യെ നേരിടും. ജംഷഡ്പൂരിൽ വൈകീട്ട് 7.30 നാണ് മത്സരം.

ഇന്നലെ മുംബൈ സിറ്റി FC രണ്ടിനെതിരെ നാല് ഗോളിന്  കേരള ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡീഷ FC യെ രണ്ടിനെതിരെ മൂന്ന് ഗോളിന്  തോൽപ്പിച്ചു.

✪✪✪

ഇന്ത്യൻ വിക്കറ്റ് കീപ്പറും ബാറ്ററുമായ വൃദ്ധിമാൻ സാഹ ക്രിക്കറ്റിൽ നിന്ന് വിരമിക്കാൻ തീരുമാനിച്ചു. രഞ്ജി ട്രോഫി സീസൺ അവസാനിക്കുന്നതോടെ ക്രിക്കറ്റ് ജീവിതത്തിൽ നിന്ന് പിന്മാറുകയാണെന്ന് അദ്ദേഹം പറഞ്ഞു. നാല്പതുകാരനായ സാഹ 40 അന്താരാഷ്ട്ര ടെസ്റ്റുകളിലും ഒമ്പത് ഏകദിന മത്സരങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

✪✪✪

ഈ മാസം 8, 9, 10 തീയതികളിലായി നടക്കുന്ന  പത്തനംതിട്ട അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന മേളയിൽ 28 ചിത്രങ്ങളാണ് പ്രദർശനത്തിനായെത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ശ്രിജി ശ്രീധർ...

....(വോയ്സ് )......

പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തിൽ ചലചിത്രഅക്കാദമി, ലൂമിയർ ലീഗ് ഫിലിംസൊസൈറ്റി എന്നിവയുമായി ചേർന്ന് സംഘടിപ്പിക്കുന്ന പത്തനംതിട്ട അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മൂന്നു ദിവസങ്ങളിലായി 28 സിനിമകളാണ് പ്രദർശിപ്പിക്കുക. പത്തനംതിട്ട ടൗൺ ഹാൾ കൂടാതെ ട്രിനിറ്റി മൂവി മാക്സ്, ധന്യ രമ്യ തിയേറ്ററുകളിലുമായി രാവിലെ 9.30 മുതൽ രാത്രി 7 വരെയാണ് പ്രദർശനം നടക്കുക. 1925 ൽ ഇറങ്ങിയ നിശബ്ദ റഷ്യൻ എപ്പിക് ചിത്രം ബാറ്റിൽഷിപ്പ് പോട്ടെംകിൻ പ്രദർശനം നടത്തും.

ലോകപ്രശസ്ത10 ക്ലാസിക്ക് ചിത്രങ്ങളുടേതുൾപ്പെടെ 36 പ്രദൾനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. 18 ഇന്ത്യൻ ചിത്രങ്ങളിൽ അടൂർ ഗോപാലകൃഷ്ണൻ, ഡോക്ടർ ബിജു തുടങ്ങിയ സംവിധായകരുടെ 13 മലയാളം ചിത്രങ്ങളും പ്രദർശനത്തിനായുണ്ട്. ഡെലിഗേറ്റ് പാസിന് 300 രൂപയും സ്റ്റുഡന്റ് പാസിനു 150 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. ടൗൺഹാളിൽ പ്രവർത്തിക്കു ന്ന സംഘാടകസമിതി ഓഫിസിൽ നേരിട്ടും ഓൺലൈനായും രജിസ്റ്റർ ചെയ്യാം.

✪✪✪

തലപ്പാറയിൽ KSRTC ബസ് നിയന്ത്രണം വിട്ട് തലകീഴായി മറിഞ്ഞ് മുപ്പതിലേറെ പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി 11 ന് ശേഷമാണ് ദേശിയപാതയിൽ നിന്ന് നിയന്ത്രണം വിട്ട് ബസ് താഴ്ചയിലേക്ക് വീണത്. പരിക്കേറ്റവരെ തിരൂരങ്ങാടിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടേയും പരുക്ക് ഗുരുതരമല്ലെന്നാണ് വിവരം.

✪✪✪

അഖില ഭാരതീയ വിശ്വകർമ്മ മഹാ സഭ പള്ളൂർ ശാഖ കുടുംബസംഗമം സംഘടിപ്പിച്ചു. വിശ്വകർമ സർവീസ് സൊസൈറ്റി വനിതാ വിഭാഗം മുൻ സെക്രട്ടറി രതി ഭാസ്കർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ, അങ്ങാടിപ്പുറത്ത് അശോകൻ അധ്യക്ഷനായിരുന്നു.

✪✪✪

സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന ദ്വിദിന ബോധവൽക്കരണ പരിപാടിയും പ്രദർശനവും നാളെയും മറ്റന്നാളും കോഴിക്കോട് മേപ്പയൂരിൽ നടത്തും. രണ്ടു ദിവസവും നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പ് ഉണ്ടായിരിക്കും. കാർഗിൽ വിജയത്തിന്റെ 25ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ഫോട്ടോ പ്രദർശനവും ഉണ്ടായിരിക്കും.

✪✪✪

ഗർഭാവസ്ഥയിൽ ഹൃദയമിടിപ്പിൽ തകരാറു കണ്ടെത്തിയ പാലക്കാട് അട്ടപ്പാടിയിലെ നവജാത ശിശുവിനെ നൂതന ചികിത്സയിലൂടെ തൃശൂർ മെഡിക്കൽ കോളജിലെ ഡോക്ടർമാർ രക്ഷപ്പെടുത്തി. ഇൻഹേൽഡ് നൈട്രിക് ഓക്സൈഡ് ചികിത്സയടക്കം ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കിയാണ് കുഞ്ഞിനെ രക്ഷിച്ചത്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ മാസം തികയും മുമ്പേ കുഞ്ഞിനെ ശസ്ത്രക്രിയയിലൂടെ പുറത്തെടുക്കു കയായിരുന്നു. കുഞ്ഞിന്റെ ജീവൻ രക്ഷിച്ച മെഡിക്കൽ സംഘത്തെ മന്ത്രി വീണാജോർജ് അഭിനന്ദിച്ചു.

✪✪✪

സംസ്ഥാന യുവജനക്ഷേമ ബോർഡ് കണ്ണൂർ E.K നായനാർ അക്കാദമിയിൽ സംഘടിപ്പിച്ചു വരുന്ന 'വിത്ത്' ഉത്തരമേഖലാ യുവസാഹിത്യക്യാമ്പ് ഇന്ന് സമാപിക്കും. ഉച്ചയ്ക്ക് സമാപന സമ്മേളനം ഡോ. K.P മോഹനൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അന്താരാഷ്ട്ര സുനാമി അവബോധ ദിനമായ നാളെ കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിൽ സുനാമി മോക്ക്ഡ്രിൽ നടത്തും.

✪✪✪